പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1944      10.03.2020 ൽ മറുപടിയ്ക്ക്

## മാവേലി-ത്രിവേണി സ്റ്റോറുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഒ. ആർ. കേളു | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ച മാവേലി-ത്രിവേണി സ്റ്റോറുകളുടെ എണ്ണം ജില്ല തിരിച്ച് നൽകാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റതു മുതൽ നാളിതുവരെ **42** പുതിയ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പൊതുവിപണിയിലെ വിലനിലവാരം പിടിച്ചു നിർത്താൻ ഈ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | പൊതു വിപണിയിലെ വിലനിലവാരം പിടിച്ച് നിർത്തുന്നതിന് സപ്ലൈകോ മുഖേന നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(i) ഇ ടെണ്ടർ, ഇ ഓക്ഷൻ രീതികൾക്ക് പുറമെ, പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം, നാഫെഡിൽ നിന്ന് പയറുവർഗങ്ങൾ മിതമായ വിലയ്ക്ക് സംഭരിച്ച് വില്പനയ്ക്ക് എത്തിച്ചു. നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യവും വിലക്കയറ്റവും ഉണ്ടാകുന്ന ഘട്ടങ്ങളിൽ ഉത്പാദന കേന്ദ്രങ്ങളിലെത്തി നേരിട്ട് സാധനങ്ങൾ സംഭരിച്ച് വിപണിയിലെത്തിക്കുന്നതിനും സപ്ലൈകോയ്ക്ക് സാധിച്ചിട്ടുണ്ട്. ഈയടുത്ത കാലത്ത്, സവാളയുടെ വില വർദ്ധിച്ച അവസരത്തിലും നാഫെഡ് മുഖേനയും കേന്ദ്രീയ ഭണ്ഡാറിൽ നിന്നുമായി സവാള സംഭരിച്ച് മിതമായ വിലയിൽ വിപണിയിലെത്തിക്കുന്നതിനും സാധിച്ചു.<br><br>(ii) പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ 14 ഇനം അവശ്യ സാധനങ്ങൾ സബ് സിഡി വിലയിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു.<br><br>(iii) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, സബ് സിഡി വില്പന വിലകൾ |

| | | |
|---|---|---|
| | | (സർക്കാർ അധികാരത്തിൽ വന്നപ്പോഴുള്ള വില) വർദ്ധിപ്പിച്ചിട്ടില്ല.<br><br>(iv) സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾക്ക് പുറമെ, 36 ഇനം അവശ്യസാധനങ്ങൾ ഫ്രീസെയിൽ സബ്സിഡി നിരക്കിലും, സപ്ലൈകോയുടെ സ്വന്തം 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റു ബ്രാൻഡഡ് കമ്പനികളുടെ എഫ്.എം.സി.ജി ഉൽപ്പന്നങ്ങൾ എന്നിവ പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിലും വില്പന നടത്തുന്നു.<br><br>(v) ഉപഭോക്തൃസൗകര്യാർത്ഥം കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വില്പനശാലകളുടെ ആകെ എണ്ണം 1529 ആയിരുന്നെങ്കിൽ ഇന്ന് എണ്ണം 1582 ആയി വർദ്ധിച്ചിട്ടുണ്ട്.<br><br>(vi) നിലവിലുള്ള വിൽപ്പനശാലകൾ നവീകരിക്കുന്നതിനും ഉപഭോക്തൃ സൗഹാർദ്ദ സ്ഥാപനങ്ങളാക്കുന്നതിനും നടപടിയെടുത്തു. സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി, 2018-19 സാമ്പത്തിക വർഷം ആകെ 86 വില്പനശാലകളും 2019-20 സാമ്പത്തിക വർഷം ഇതുവരെ 62 വില്പനശാലകളുമാണ് നവീകരിച്ചിട്ടുള്ളത്.<br><br>(vii) 160 സപ്ലൈകോ ഗൃഹോപകരണ വില്പന കൗണ്ടറുകളിലൂടെ ശരാശരി 40 ശതമാനം വരെ വിലക്കുറവിൽ ഗൃഹോപകരണങ്ങൾ വിതരണം ചെയ്തു വരുന്നു. ഇത് വഴി ഈ രംഗത്തെ ചൂഷണത്തിന് ഒരു പരിധി വരെ ആശ്വാസം നൽകുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പുതിയതായി ആരംഭിച്ച മാവേലി സ്റ്റോറുകളുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ

| ക്രമ നമ്പർ | ജില്ല | ഡിപ്പോ | വിൽപ്പനശാല |
|---|---|---|---|
| 1. | തിരുവനന്തപുരം | തിരുവനന്തപുരം | മുരുക്കുംപുഴ |
| 2. | കൊല്ലം | പുനലൂർ | മാങ്ങോട് |
| 3. | | കൊട്ടാരക്കര | വാക്കനാട് |
| 4. | പത്തനംതിട്ട | റാന്നി | കീക്കോഴൂർ |
| 5. | | | അന്തിച്ചിറ |
| 6. | ആലപ്പുഴ | ചെങ്ങന്നൂർ | കൊല്ലക്കടവ് |
| 7. | | ചേർത്തല | പള്ളിത്തോട് |
| 8. | | ഹരിപ്പാട് | കുമാരപുരം |
| 9. | എറണാകുളം | മൂവാറ്റുപുഴ | മുളക്കുളം |
| 10. | | | മാറിക |
| 11. | | നോർത്ത് പറവൂർ | കടമക്കുടി - കോതാട് |
| 12. | കോട്ടയം | കാഞ്ഞിരപ്പള്ളി | മുണ്ടക്കയം |
| 13. | | | വാഗമൺ |
| 14. | ഇടുക്കി | നെടുങ്കണ്ടം | ചിന്നക്കനാൽ |
| 15. | | മൂന്നാർ | മറയൂർ |
| 16. | തൃശ്ശൂർ | ചാലക്കുടി | അടിച്ചിലി |
| 17. | | ചാവക്കാട് | അഴീക്കോട് |
| 18. | പാലക്കാട് | ഒറ്റപ്പാലം | തിരുമിറ്റക്കോട് |
| 19. | കോഴിക്കോട് | കൊയിലാണ്ടി | കാവുംവട്ടം |
| 20. | | | പന്തിരിക്കര |
| 21. | | കൊടുവള്ളി | കുമ്പാറ |
| 22. | | വടകര | മുക്കാളി |
| 23. | | കോഴിക്കോട് | കരുവണ്ണൂർ |
| 24. | മലപ്പുറം | മഞ്ചേരി | കീഴുപറമ്പ് |
| 25. | | | ആനക്കയം |
| 26. | | തിരൂരങ്ങാടി | പൂക്കിപ്പറമ്പ് |
| 27. | | | പാറപ്പുർ |
| 28. | | തിരൂർ | പെരുമണ്ണാക്ലാരി |
| 29. | | നിലമ്പൂർ | മരുത |
| 30. | വയനാട് | മാനന്തവാടി | എടവക |
| 31. | | സുൽത്താൻ ബത്തേരി | ഇരുളം |
| 32. | കണ്ണൂർ | തലശ്ശേരി | പാറാട് |
| 33. | | | ചൊക്ലി |
| 34. | | തളിപ്പറമ്പ് | ചെമ്പൻതൊട്ടി |
| 35. | | | പാടിയോട്ടുചാൽ |

| | | | |
|---|---|---|---|
| 36. | | കണ്ണൂർ | കൊളത്തുവയൽ |
| 37. | | | കണ്ണാടിപ്പറമ്പ് |
| 38. | | | കാഞ്ഞിരോട് |
| 39. | കാസർഗോഡ് | കാസർഗോഡ് | നാട്ടക്കൽ |
| 40. | | | മഞ്ചേശ്വരം |
| 41. | | | വൊർക്കാടി |
| 42. | | | മീഞ്ച |

സെക്ഷൻ ഓഫീസർ